LIBRARY ARCHIVES Kerala Legislative Assembly

PRICE OF COCOANUT OIL AND COPRA

263. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : താഴെപറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട് സദയം മറുപടി പറയുമൊ.—

(എ) വെളിച്ചെണ്ണ കൊപ്ര മുതലായവയുടെ വില നിയന്ത്രണം സംബന്ധിച്ച് ഇന്ത്യാഗവൺമെണ്ട് കൊച്ചി ഗവൺമെണ്ടിന്റെ അഭിപ്രായം അന്വേഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അക്കാര്യത്തെക്കുറിച്ച് കൊച്ചിഗവൺമെണ്ട് നൽകിയ മറുപടി എന്താണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്.

(ബി) വില നിയന്ത്രിക്കുവാൻ കൊച്ചി ഗവൺമെണ്ടിനും സമ്മതമാണെന്നും ഇന്ത്യാഗവൺമെണ്ടിനെ അറിയിച്ചിട്ടുണ്ട്.

INCOME FROM THE GOVERNMENT CENTRAL FARM

264. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമൊ.—

(എ) ൧൯൫൦, ൧൯൫൧ ഈ കൊല്ലങ്ങളിൽ ഗവൺമെണ്ട് സെൻട്രൽ ഫാറത്തിൽനിന്നുള്ള വരവു എത്ര ഉറുപ്പിക;

(ബി) വ്യത്യാസമുണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ൧൯൫൦-ൽ സെൻട്രൽ ഫാറത്തിൽ ആകെ ൫,൩൭,൩൭൫. ൫൭ രൂ. ൧൯൫൧-ലെ വരവും, ൧൯൫൧-ൽ ആകെ ൭ ൫,൫ ൫൫ രൂ. ൫൩ രൂ. ൧൯൫൧-ലെ വരവും ഉണ്ടായിട്ടുണ്ട്.

(ബി) ൧൯൫൧-ൽ ൧൯൫൦-ലെക്കാൾ അധികം വരവുണ്ട്. ഇതിനുള്ള കാരണം സാധനങ്ങളുടെ വിലമാറ്റംകൊണ്ടും അധിക സാധനങ്ങൾ ഉണ്ടായതുകൊണ്ടും ഫാറത്തിലുള്ള ചില കന്നുകാലികളെ ലേലം വിളിച്ചതുകൊണ്ടും ആണ്.

PUBLIC RESORT ACT—LICENSE FOR CONDUCTING CINEMA

265. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് സദയം മറുപടി പറയുമൊ.—

(എ) പബ്ലിക്ക റിസോർട്ട് ആക്ട് പ്രകാരം ടെമ്പററി കെട്ടിടങ്ങളിൽ സിനിമ നടത്തുന്നതിനു എത്ര മാസത്തേക്കാണ് ലൈസൻസ്സ് അനുവദിക്കുക;

(ബി) ആ അവധി കഴിഞ്ഞാൽ തുടർന്നു അവിടെതന്നെ സിനിമ നടത്തുവാൻ ലൈസൻസ്സ് അനുവദിക്കാതിരിക്കാൻ കാരണമെന്ത്?

മിസ്റ്റർ ബി. വി. കെ. മേനോൻ:

(എ) പബ്ലിക്ക റിസോർട്ട് ആക്ട് പ്രകാരം കൊടുക്കുന്ന ലൈസൻസ്സിനു കാലനിഷ്ക്കർഷയില്ല. എന്നാൽ സിനിമാറൊ ഗ്രാഫ് ആക്ട് പ്രകാരം തുടർച്ചയായി ൧൨ മാസക്കാലത്തിനുള്ളിൽ ൮ മാസത്തിൽ കൂടുതൽ കളി നടത്തുവാൻ അനുവദിച്ചുകൂടാ.

(ബി) സിനിമ നടത്തുന്നതിനു സിനമാറൊ ഗ്രാഫ് ആക്ട് പ്രകാരമുള്ള ലൈസൻസ്സ് കൂടിവേണം. ആ ആക്ടിലെ നിബന്ധനപ്രകാരം (എ) യിൽ കാണിച്ച കാലനിഷ്ക്കർഷ നിർബ്ബന്ധമാക്കീട്ടുണ്ട്.

SIRKAR GIRLS' HIGH SCHOOL, KUNNAMKULAM—INSPECTION OF

266. **Mr. Paramel Ipe Ipe** *(Kunnamkulam):* Will Government be pleased to state.—

(*a*) how many times did the permanent Director of Public Instruction visit the Sirkar Girls' High School, Kunnamkulam, during the last five years;

(*b*) what are the dates of his visits;

(*c*) whether there are any High Schools in our State which have not been visited by the permanent Director of Public Instruction during the last three years;

(*d*) if so, how many and which are those schools?